# വിദ്യാഭ്യാസം ഗുണനിലവാരമുള്ളതാകണം



'കേരള ഉന്നത വിദ്യാഭ്യാസവും സ്വയംഭരണാവകാശവും' സെമിനാർ കമ്മിറ്റി ഓൺ ഓട്ടോണമി ചെയർമാൻ എൻ.ആർ മാധവമേനോൻ ഉദ്ഘാടനം ചെയ്യുന്നു.

**കൊച്ചി:** ഗുണനിലവാരമുള്ള വിദ്യാഭ്യാസത്തിന് വിദ്യാർഥി സമൂഹം മുറവിളി ഉയർത്തണമെന്ന് കമ്മിറ്റി ഓൺ ഓട്ടോണമി ചെയർമാൻ എൻ.ആർ മാധവമേനോൻ. എസ്.ഐ.ഒ സംസ്ഥാന കമ്മിറ്റി എറണാകുളം ആശിർ ഭവനിൽ 'കേരള ഉന്നത വിദ്യാഭ്യാസവും സ്വയംഭരണാവകാശവും' എന്ന പ്രമേയത്തിൽ സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണനിലവാരം ഉയർത്തുന്നതിന് സ്വയംഭരണ സംവിധാനം മാത്രമാണ് പരിഹാരമെന്ന് അദ്ദേഹം പറഞ്ഞു. ഭരണകൂടത്തിന്റെ പ്രഥമ പരിഗണനയിൽ വിദ്യാഭ്യാസം ഉൾപ്പെടുത്തണമെന്നും വിദ്യാഭ്യാസ രംഗത്തെ സാമൂഹിക അസന്തുലിതാവസ്ഥകൾ പരിഹരിക്കാതെ ഈ രംഗത്ത്  മാറ്റം സാധ്യമല്ലെന്നും കാലിക്കറ്റ് യൂനിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ കെ.എൻ കുറുപ്പ് പറഞ്ഞു. ഇഗ്നോ മുൻ വൈസ് ചാൻസലർ ഡോ. വി.എൻ രാജശേഖരൻപിള്ള, എം.ഇ.എസ് സംസ്ഥാന ജനറൽ സെക്രട്ടറി പ്രഫ. പി.ഒ.ജെ ലബ്ബ, എ.കെ.പി.സി.ടി.എ സംസ്ഥാന സെക്രട്ടറി പ്രഫ. സി. പത്മനാഭൻ, എസ്.ഐ.ഒ സംസ്ഥാന പ്രസിഡന്റ് എസ്. ഇർഷാദ്,  സംസാരിച്ചു.

# ശരീഅത്ത് വിമർശനം ഭൂരിപക്ഷ പിന്തുണക്കുവേിയായിരുന്നു

**കോഴിക്കോട്:** ശരീഅത്തിനെ കുറിച്ച് പ്രാഥമികമായ വിവരങ്ങൾ പോലുമില്ലാതെയാണ് അതിനെ കുറിച്ച് പലരും വിമർശനങ്ങൾ ഉന്നയിച്ചതെന്ന് *മാധ്യമം* ഗ്രൂപ്പ് എഡിറ്റർ ഒ. അബ്ദുർറഹ്മാൻ. എസ്.ഐ.ഒ പഠനവേദി കോഴിക്കോട് ഹോട്ടൽ ഹെംലെറ്റിൽ 'ശരീഅത്ത് വിവാദം ഓർമയും തുടർച്ചയും' എന്ന തലക്കെട്ടിൽ സംഘടിപ്പിച്ച ലക്ചർ സീരീസിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ശരീഅത്തിനെ വിമർശിക്കുന്ന ചർച്ചകളും അതിന്റെ പ്രതിരോധവും കേരളത്തിൽ പൊതുവേദികളിൽ ശരീഅത്ത് ചർച്ച ചെയ്യാൻ സാഹചര്യമൊരുക്കി. പാരമ്പര്യമായ ചില വിശ്വാസാചാരങ്ങളല്ല ലൗകികമായ വിഷയങ്ങൾ കൂടി ഉൾകൊള്ളുന്നതാണ് ശരീഅത്തെന്ന പൊതുബോധം സൃഷ്ടിക്കാൻ അത്തരം ചർച്ചകൾ സഹായിച്ചിട്ടുണ്ടെന്നും തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷ സമുദായത്തിന്റെ വികാരത്തെ ഒപ്പം നിർത്താൻ വേണ്ടിയായിരുന്നു ഇ.എം.എസ് ശരീഅത്ത് ചർച്ചകൾക്ക് മുൻകൈയെടുത്തതെന്നും അദ്ദേഹം കൂട്ടിചേർത്തു. മുസ്‌ലിം പേഴ്സണൽ ലോ യഥാർഥ ശരീഅത്തല്ല. മറിച്ച് ബ്രിട്ടീഷ് ഗവൺമെന്റ് നടപ്പിലാക്കിയ ക്രോഡീകരിക്കപ്പെടാത്ത ചില കർമശാസ്ത്ര നിയമങ്ങൾ മാത്രമാണത്; അതിനാൽ അത് പൊളിച്ചെഴുതപ്പെടണമെന്ന് തുറന്നു പറഞ്ഞത് മൗലാനാ മൗദൂദിയാണെന്ന് തുടർന്ന് സംസാരിച്ച വി.എ കബീർ പറഞ്ഞു. ശരീഅത്ത് ചർച്ചകൾ കേരള സമൂഹത്തിൽ ശരീഅത്തിനെ കുറിച്ച അവബോധം സൃഷ്ടിക്കാൻ സഹായകമായിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. മുഹമ്മദ് അസ്‌ലം ഖിറാഅത്തും എസ്.ഐ.ഒ സംസ്ഥാന സെക്രട്ടറി ജുമൈൽ പി.പി ആമുഖഭാഷണവും നടത്തി.



ലക്ചർ സീരീസിൽ മാധ്യമം ഗ്രൂപ്പ് എഡിറ്റർ ഒ. അബ്ദുർറഹ്മാൻ സംസാരിക്കുന്നു.

# അധ്യാപക പരിശീലനം

**കോഴിക്കോട്:** വിദ്യ കൗൺസിൽ ഫോർ എജുക്കേഷൻ ഹിന്ദി അധ്യാപകർക്കായി ഏകദിന പരിശീലന പരിപാടി സംഘടിപ്പിച്ചു. വിദ്യാ കൗൺസിൽ 2 മുതൽ 8 വരെ ക്ലാസുകൾക്ക് വേണ്ടി പുറത്തിറക്കിയ സരൾഹിന്ദി എന്ന പാഠപുസ്തകത്തെ ആസ്പദമാക്കിയായിരുന്നു പരിപാടി. വിദ്യാ കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത കേരളത്തിലെ 60 ഓളം സി.ബി.എസ്.ഇ സ്കൂളുകളിലെ അധ്യാപകർക്കായിരുന്നു പ്രോഗ്രാം. രണ്ട് മേഖലകളിലായി നടന്ന പരിപാടി പെരിന്തൽമണ്ണ ദാറുൽ ഫലാഹ് ഇംഗ്ലീഷ് സ്കൂളിലും, കോഴിക്കോട് കാലിക്കറ്റ് ടവറിലുമായി നടന്നു. നൂറോളം അധ്യാപകർ പങ്കെടുത്ത പരിപാടിയിൽ സ്റ്റേറ്റ് റിസോഴ്സ് പേഴ്സൺ എൻ.കെ ഷനോജ്കുമാർ ക്ലാസുകൾ നിയന്ത്രിച്ചു. ബോധന രീതിയിലെ പുതിയ പ്രവണതകൾ, എങ്ങനെ നല്ല ഹിന്ദി അധ്യാപകരാവാം, ചോദ്യപേപ്പർ നിർമാണം എങ്ങനെ കുറ്റമറ്റതാക്കാം എന്നീ വിഷയങ്ങൾ ചർച്ച ചെയ്തു. മജ്‌ലിസ് സെക്രട്ടറി എസ്. ഖമറുദ്ദീൻ, വിദ്യാ കൗൺസിൽ ഡയറക്ടർ ഡോ. കെ.കെ മുഹമ്മദ്, മജ്‌ലിസ് ജോ. സെക്രട്ടറി മുഹമ്മദലി മഞ്ചേറ, ദാറുൽ ഫലാഹ് സ്കൂൾ പ്രിൻസിപ്പൽ പി.എ.എം അബ്ദുൽ ഖാദർ എന്നിവർ പരിപാടിയിൽ സംബന്ധിച്ചു.

# സൗദ പേരാമ്പ്ര
## ജി.ഐ.ഒ ജനറൽ സെക്രട്ടറി

**കോഴിക്കോട്:** ഗേൾസ് ഇസ്‌ലാമിക് ഓർഗനൈസേഷൻ കേരളയുടെ പുതിയ ജനറൽ സെക്രട്ടറിയായി സൗദ പേരാമ്പ്രയെയും ജോയിന്റ് സെക്രട്ടറിയായി സംറ അബ്ദുൽ റസാഖിനെയും തെരഞ്ഞെടുത്തു. ചില സാങ്കേതിക കാരണങ്ങളാൽ നടന്ന ഇടക്കാല തെരഞ്ഞെടുപ്പിലാണ് പുതിയ നേതൃത്വങ്ങൾ സ്ഥാനമേറ്റെടുത്തത്.

## അരിപ്പ സമരഭൂമിയിൽ എസ്.ഐ.ഒ വിദ്യാഭ്യാസ സഹായം നൽകി

**കുളത്തൂപ്പുഴ:** പഠിക്കാൻ നിർവാഹമില്ലാതെ അരിപ്പ സമരഭൂമിയിൽ അകപ്പെട്ട സമരക്കാരുടെ മക്കൾക്ക് എസ്.ഐ.ഒ പഠനോപകരണങ്ങൾ വിതരണം ചെയ്തു. വെൽഫെയർ പാർട്ടി സംസ്ഥാന സെക്രട്ടറി കെ.എ ഷെഫീഖ് ഉദ്ഘാടനം ചെയ്തു. എസ്.ഐ.ഒ സംസ്ഥാന പ്രസിഡന്റ് എസ്. ഇർഷാദ് പഠനോപകരണ വിതരണം നിർവഹിച്ചു. കേരളത്തിന്റെ തീരദേശ-വന-ആദിവാസി മേഖലകളിലെ വിദ്യാർഥികൾ നേരിടുന്ന അവകാശനിഷേധത്തിനെതിരെയുള്ള പോരാട്ടത്തിന്റെ ഭാഗം കൂടിയാണ് എസ്.ഐ.ഒവിന്റെ ഇത്തരത്തിലുള്ള സേവന പ്രവർത്തനങ്ങളെന്ന് അദ്ദേഹം പറഞ്ഞു. എസ്.ഐ.ഒ ജില്ലാ പ്രസിഡന്റ് എ. ഫാസിൽ അധ്യക്ഷത വഹിച്ചു.

അരിപ്പ ഭൂസമര കൺവീനർ ശ്രീരാമൻ കൊയ്യോൻ, എ.ഡി.എം.എസ് ജില്ലാ സെക്രട്ടറി ശിശുപാലൻ, എസ്.ഐ.ഒ സംസ്ഥാന സമിതി അംഗം ഷിയാസ് പെരുമാതുറ, ജമാഅത്തെ ഇസ്ലാമി ഏരിയാ പ്രസിഡന്റ് എം. അബ്ദുസമദ്, സോളിഡാരിറ്റി ജില്ലാ സെക്രട്ടറി, ഷെഫീഖ് ചോഴിയക്കോട് എന്നിവർ സംസാരിച്ചു. എസ്.ഐ.ഒ ജില്ലാ സെക്രട്ടറി അനസ്, ജാഫർ, എസ്.എം മുഖ്താർ, മിറോഷ്, അജ്മൽ എന്നിവർ നേതൃത്വം നൽകി. എ.ഡി.എം.എസ് ജില്ലാ പ്രസിഡന്റ് സലാം സ്വാഗതവും എ.ഡി.എം.എസ് സംസ്ഥാന സെക്രട്ടറി സി.കെ തങ്കപ്പൻ നന്ദിയും പറഞ്ഞു.

## പരിസ്ഥിതി കാമ്പയിൻ

**ആലപ്പുഴ:** മലർവാടി ബാലസംഘം സംസ്ഥാനതലത്തിൽ ജൂൺ മാസത്തിൽ ആചരിക്കുന്ന 'ഒരുകൈ ഒരുതൈ' - പരിസ്ഥിതി കാമ്പയിന്റെ വട്ടപ്പള്ളി യൂണിറ്റ് ഉദ്ഘാടനം മഹല്ല് പ്രസിഡന്റ് അബ്ദുൽ ശുക്കൂർ വൃക്ഷത്തൈ നട്ട് നിർവഹിച്ചു. 'ചങ്ങാതിക്കൊരു ഗ്രീൻ ഷേക്ക് ഹാൻഡ്' പദ്ധതി ഉദ്ഘാടനം ബാലസംഘം യൂണിറ്റ് കോർഡിനേറ്റർ ആർ. ഫൈസൽ നിർവ്വഹിച്ചു. ജമാഅത്തെ ഇസ്ലാമി യൂണിറ്റ് സെക്രട്ടറി എ ഫൈസൽ, എം എച്ച് റഹീം, സജീർ ഹസൻ, നിസ ഹസൻകുഞ്ഞ്, സുമയ്യ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

## ഉപഹാരം നൽകി

**ചേന്ദമംഗല്ലൂർ:** ചേന്ദമംഗല്ലൂർ സെൻട്രൽ ജമാഅത്തെ ഇസ്ലാമി വനിതാ വിഭാഗം +2, എസ്.എസ്.എൽ.സി, മജ്ലിസ് എന്നീ പരീക്ഷകളിൽ ഉന്നത വിജയം നേടിയവർക്ക് ഉപഹാരം നൽകി. ജമാഅത്തെ ഇസ്ലാമി വനിതാ വിഭാഗം അസി. ഏരിയാ കൺവീനർ ടി.ടി റസിയ അധ്യക്ഷത വഹിച്ചു. സക്കീന ടീച്ചർ മുഖ്യപ്രഭാഷണം നടത്തി. ടി.ടി റസിയ ഉപഹാരം നൽകി. അധ്യാപികമാരായ ജമീല, സഫിയ, ഷഹന, മെഹറുന്നിസ എന്നിവർ ആശംസ അർപ്പിച്ചു. സാബിറ സ്വാഗതവും പി.കെ ഹസീന നന്ദിയും പറഞ്ഞു.

## വീട് നിർമിച്ചു നൽകി

**കക്കാട്(കണ്ണൂർ):** ജമാഅത്തെ ഇസ്ലാമി കക്കാട് കാർക്കൂൻ ഹൽഖയുടെ നേതൃത്വത്തിൽ അനാഥയുവതിയുടെ കുടുംബത്തിന് വീട് നിർമിച്ചു നൽകി. ഒരു പ്രവർത്തകൻ സൗജന്യമായി നൽകിയ സ്ഥലത്തെ വീട് നിർമാണത്തിന് സി.പി മുസ്തഫ, ബി. ഹസ്സൻ, ടി. അസീർ തുടങ്ങിയവർ നേതൃത്വം നൽകി.

## നിശാ ക്യാമ്പ്

**അത്തോളി:** ജമാഅത്തെ ഇസ്ലാമി അത്തോളി ഏരിയാ പ്രവർത്തക സംഗമവും നിശാ ക്യാമ്പും സംഘടിപ്പിച്ചു. കാട്ടിലപീടിക ഹിറാ സെന്ററിൽ നടന്ന പരിപാടി ജില്ലാ പ്രസിഡന്റ് ഖാലിദ് മൂസാ നദ്വി ഉദ്ഘാടനം ചെയ്തു. ഏരിയാ പ്രസിഡന്റ് സി.പി ജൗഹർ, വൈസ് പ്രസിഡന്റ് അബ്ദുല്ലക്കോയ കണ്ണംകടവ്, ഏരിയാ സെക്രട്ടറി അശ്റഫ് മാസ്റ്റർ എന്നിവർ സംസാരിച്ചു.



# കരിയർ

സുലൈമാൻ ഊരകം
kpsulaimanurakam@gmail.com

**LLB കേരളത്തിൽ**
സംസ്ഥാനത്തെ നാല് ഗവൺമെന്റ് ലോ കോളേജുകളിലും, സ്വകാര്യ സ്വാശ്രയ ലോ കോളേജിലും പഞ്ചവത്സര LLB കോഴ്സിലേക്ക് ഉടൻ അപേക്ഷിക്കാം. പ്ലസ്ടുവിൽ (ഏതെങ്കിലും ഗ്രൂപ്പിൽ) 50% മാർക്കുള്ളവരായിരിക്കണം അപേക്ഷകർ.
www.cee.kerala.gov.in

**കാലിക്കറ്റിൽ MA, MSc, MBA, MSW**
കാലിക്കറ്റ് യൂനിവേഴ്സിറ്റി പ്രവേശന പരീക്ഷ മുഖാന്തരം വിവിധ വകുപ്പിലെയും അഫിലിയേറ്റ് ചെയ്ത കോളേജുകളിലും നടത്തുന്ന MA, MSW, MBA, MSc കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷക്ക് ഉടൻ അപേക്ഷിക്കാം. www.universityofcalicut.info

**മലപ്പുറം അലീഗഢിൽ BEd**
അലീഗഢ് മുസ്‌ലിം യൂനിവേഴ്സിറ്റി മലപ്പുറം സെന്ററിൽ ഈ വർഷം പുതുതായി ആരംഭിക്കുന്ന BEd, ഒമ്പതാം ക്ലാസ് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. അവസാന തീയതി: ജൂൺ 30.
04933 208704

**സ്പീച്ച് ആന്റ് ഹിയറിംഗ്**
തിരുവനന്തപുരത്തെ നാഷ്ണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (നിഷ്) വിവിധ ബിരുദ ബിരുദാനന്തര കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ബാച്ചിലർ ഓഫ് ഓഡിയോളജി ആന്റ് സ്പീച്ച് ലാംഗ്വേജ് പാത്തോളജി (ബി.എ.എസ്.എൽ.പി), മാസ്റ്റർ ഓഫ് ഓഡിയോളജി ആന്റ് സ്പീച്ച് ലാംഗ്വേജ് പാത്തോളജി (എം.എ.എസ്.എൽ.പി), ഡിപ്ലോമ ഇൻ ടീച്ചിംഗ് യംഗ് ഡഫ് ആന്റ് ഹാർഡ് ഓഫ് ഹിയറിംഗ് ഇംപയേർഡ് (BSc), ഫൈൻ ആർട്സ്-ഹിയറിംഗ് ഇംപയേർഡ് (BFA) എന്നീ പ്രോഗ്രാമുകൾ ഇവിടെ ലഭ്യമാണ്. www.nish.ac.in, 0471 3066635

**മൈസൂരിൽ B.Arch**
മൈസൂർ യൂനിവേഴ്സിറ്റിയുടെ സ്കൂൾ ഓഫ് ഡിസൈനിൽ ബി.ആർക്, എം.ആർക് കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു. ആർകിടക്ചർ പ്രവേശനത്തിനുള്ള നാറ്റാ പരീക്ഷയിൽ സ്കോർ ഉള്ള 50 ശതമാനം മാർക്കോടെ പ്ലസ്ടു സയൻസ്, D.Arch എന്നിവയിലേതെങ്കിലും പാസായവർക്ക് അപേക്ഷിക്കാം.
അവസാന തീയതി: ജൂലൈ 3. www.unimysore.ac.in, 08212414577

**സർവകലാശാലകളിൽ അധ്യാപക ഒഴിവുകൾ**
കൊച്ചി, കേരള സർവകലാശാലകളിൽ അധ്യാപക തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഇന്റർനാഷ്ണൽ മാർക്കറ്റിംഗ്, ട്രേഡ്, ക്വാളിറ്റി അഷ്വറൻസ്, ഫുഡ് സേഫ്റ്റി എന്നീ വിഷയങ്ങളിൽ കൊച്ചിൻ ശാസ്ത്ര-സാങ്കേതിക സർവകലാശാലയിലും, മാനേജ്മെന്റിൽ കേരള സർവകലാശാലയിലുമാണ് ഒഴിവുകളുള്ളത്. http://facultyinsat.ac.in -ജൂലൈ 12. www.keralauniversity.ac.in - ജൂൺ 29.

**ഭെൽ സ്കോളർഷിപ്പ്**
നിർധന വിദ്യാർഥികൾക്ക് ഉപരിപഠനം സാധ്യമാകുന്നതിന് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഭാരത് ഹെവി എഞ്ചിനീയറിംഗ് ലിമിറ്റഡ് സ്പോൺസർ ചെയ്യുന്ന സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു. ന്യൂദൽഹി ആസ്ഥാനമായുള്ള ഫൗണ്ടേഷൻ ഫോർ അക്കാദമിക് ആക്സസാണ് സ്കോളർഷിപ്പ് നൽകുന്നത്. Arts, Science, Engineering, Medical എന്നിവയിൽ ആദ്യവർഷ വിദ്യാർഥികൾക്ക് അപേക്ഷിക്കാം. അവസാന തീയതി: ജൂൺ 30. www.faeaindia.org

**സ്കോളർഷിപ്പ്**
കേരളാ സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ഫെലോഷിപ്പിനും, ഗവേഷണ സഹായത്തിനും, മറ്റു സാമ്പത്തിക സഹായങ്ങൾക്കുമുള്ള അപേക്ഷ ക്ഷണിച്ചു. അവസാന തീയതി: ജൂൺ 30. www.kscste.kerala.gov.in, 04712548200

## വിദ്യാഭ്യാസ നിലപാടുകൾ രൂപവത്കരിക്കുന്നത് നവസാമ്രാജ്യത്വ ശക്തികൾ

**കൊച്ചി:** രാജ്യത്തെ വിദ്യാഭ്യാസ നിലപാടുകൾ രൂപവത്കരിക്കുന്നത് നവസാമ്രാജ്യത്വ ശക്തികളാണെന്ന് ജമാഅത്തെ ഇസ്‌ലാമി കേരള അമീർ ടി. ആരിഫലി. മുമ്പ് ബ്രിട്ടീഷ് സാമ്രാജ്യം അവരുടെ താൽപര്യം സംരക്ഷിക്കാൻ വിദ്യാഭ്യാസത്തെ ഉപയോഗപ്പെടുത്തിയിരുന്നെങ്കിൽ ഇന്ന് പലതരം എൻ.ജി.ഒ കൾ സാമ്രാജ്യത്വ അഭീഷ്ടപ്രകാരം വിദ്യാഭ്യാസത്തെ മാറ്റിയെടുക്കുകയാണ് ചെയ്യുന്നതെന്ന് എസ്.ഐ.ഒ സംസ്ഥാന കമ്മിറ്റിയുടെ കേരള എജുക്കേഷൻ കോൺഗ്രസിന്റെ പ്രഖ്യാപനം നിർവഹിച്ച് അദ്ദേഹം പറഞ്ഞു. അഴിമതി അടക്കമുള്ള സാമൂഹിക ജീർണതകൾ പിഴുതെറിയും വിധമുള്ള സമൂല പരിഷ്കരണമാണ് വിദ്യാഭ്യാസത്തിൽ വരേണ്ടതെന്നും ആരിഫലി ചൂണ്ടിക്കാട്ടി.

എസ്.ഐ.ഒ സംസ്ഥാന പ്രസിഡന്റ് എസ്. ഇർഷാദ് അധ്യക്ഷത വഹിച്ചു. ജി.ഐ.ഒ സംസ്ഥാന സെക്രട്ടറി പി. റുക്സാന, സോളിഡാരിറ്റി സംസ്ഥാന സെക്രട്ടറി ടി. മുഹമ്മദ് വേളം, എസ്.ഐ.ഒ സംസ്ഥാന ജനറൽ സെക്രട്ടറി കെ.വി ഷഫീർ ഷാ എന്നിവർ സംസാരിച്ചു. ഒക്ടോബർ 26, 27 തീയതികളിൽ തിരുവനന്തപുരത്താണ് എജുക്കേഷൻ കോൺഗ്രസ് സംഘടിപ്പിക്കുന്നത്.




*കേരള എജുക്കേഷൻ കോൺഗ്രസ് പ്രഖ്യാപന ചടങ്ങ് ജമാഅത്തെ ഇസ്‌ലാമി കേരള അമീർ ടി. ആരിഫലി ഉദ്ഘാടനം ചെയ്യുന്നു.*

## എസ്.ഐ.ഒ യൂനിവേഴ്സിറ്റി മാർച്ചിൽ പ്രതിഷേധമിരമ്പി

**തേഞ്ഞിപ്പലം:** ഡിഗ്രി പ്രൈവറ്റ് വിദ്യാർഥികളുടെ അവസാന വർഷ റിസൽറ്റ് ഉടൻ പ്രഖ്യാപിക്കുക, ഡിഗ്രി പൂർത്തീകരിച്ചവരുടെ ഗ്രേഡ് കാർഡ് ഉടൻ വിതരണം ചെയ്യുക, വാഴ്സിറ്റിയിലെ നിഗൂഢ പരിഷ്കരണങ്ങൾ അവസാനിപ്പിക്കുക എന്നീ ആവശ്യങ്ങളുന്നയിച്ച് എസ്.ഐ.ഒ കാലിക്കറ്റ് യൂനിവേഴ്സിറ്റിയിലേക്ക് മാർച്ച് നടത്തി. പ്രതിഷേധക്കാർക്ക് നേരെ പോലീസ് ലാത്തി വീശി. സംസ്ഥാന സെക്രട്ടറി കെ.എസ് നിസാരടക്കം 15 പ്രവർത്തകർക്ക് പരിക്കേറ്റു. തലക്കും കണ്ണിനും ഗുരുതരമായി പരിക്കുപറ്റിയ മലപ്പുറം ജില്ലാ കമ്മിറ്റിയംഗം ഷെമീർ മുണ്ടുമുഴിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.



*എസ്.ഐ.ഒ യൂനിവേഴ്സിറ്റിയിലേക്ക് നടത്തിയ മാർച്ച് പോലീസ് തടഞ്ഞപ്പോൾ*

യൂനിവേഴ്സിറ്റി ബസ് സ്റ്റോപ്പ് പരിസരത്തിന്ന് ആരംഭിച്ച മാർച്ച് സംസ്ഥാന ജനറൽ സെക്രട്ടറി കെ.വി സഫീർ ഷാ ഉദ്ഘാടനം ചെയ്തു. പ്രവർത്തകർ പ്രധാന കവാടം ഉപരോധിച്ചതിനെത്തുടർന്ന് പ്രൊ വൈസ് ചാൻസലർ കെ. രവീന്ദ്രനാഥ് നേതാക്കളെ ചർച്ചക്ക് വിളിച്ചു. സമരമുന്നയിച്ച ആവശ്യങ്ങൾ നടപ്പാക്കുമെന്ന് നേതാക്കൾക്ക് രേഖാമൂലം അദ്ദേഹം ഉറപ്പുനൽകി. എസ്.ഐ.ഒ സംസ്ഥാന സെക്രട്ടറി കെ.എസ് നിസാർ, സംസ്ഥാന കാമ്പസ് സമിതി അംഗങ്ങളായ അമീൻ മോങ്ങം, കെ.കെ അശ്റഫ്, ശബീർ കൊടുവള്ളി, സഹ്‌ല നച്ചിയിൽ, കെ.പി തബ്ശീർ, എന്നിവർ സംസാരിച്ചു. മാർച്ചിന് മുജീബ് പാലക്കാട്, റാഫി വയനാട്, ആദില, ശഫീഖ് തൃശൂർ എന്നിവർ നേതൃത്വം നൽകി.

## സമൂഹത്തോട് പ്രതിബദ്ധതയില്ലാത്ത ഭരണകൂടങ്ങൾക്കെതിരെ പ്രതികരിക്കണം

**പൊന്നാനി:** സമൂഹത്തിനോടും നാടിനോടും പ്രതിബദ്ധതയില്ലാത്ത ഭരണകൂടങ്ങളാണ് ഇന്ന് നാം നേരിടുന്ന പ്രതിസന്ധിയെന്നും അത്തരം ഭരണകൂടങ്ങൾക്കെതിരെ ശബ്ദിക്കാൻ വിദ്യാർഥി സമൂഹം ആർജവം കാണിക്കണമെന്നും പ്രശസ്ത സാഹിത്യകാരനും നോവലിസ്റ്റുമായ പി. സുരേന്ദ്രൻ ആവശ്യപ്പെട്ടു. എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷയിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടിയ വിദ്യാർഥികളെ അനുമോദിക്കാൻ എസ്.ഐ.ഒ പൊന്നാനി ഏരിയ സംഘടിപ്പിച്ച ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. എസ്.ഐ.ഒ ജില്ലാ സെക്രട്ടറി ജസീം സുൽത്താൻ ഉദ്ഘാടനം ചെയ്തു. എസ്.ഐ.ഒ പൊന്നാനി ഏരിയാ പ്രസിഡന്റ് നഈം മാറഞ്ചേരി അധ്യക്ഷത വഹിച്ചു. ഏരിയാ കാമ്പസ് സെക്രട്ടറി ബാസിൽ പഴഞ്ഞി, ജി.ഐ.ഒ ഏരിയാ പ്രസിഡന്റ് റൈഹാനത്ത് എന്നിവർ ആശംസകൾ അർപ്പിച്ചു. അജ്മൽ കോടത്തൂർ സ്വാഗതവും ആഷിഖ് അഹമ്മദ് നന്ദിയും പറഞ്ഞു. അഹ്സൻ അലി ഖിറാഅത്ത് നടത്തി.